CSI CHRIST CHURCH
THIRUVANANTHAPURAM

MARCH 2023

# TIDINGS

VOL : 15 NO : 3

# WOMEN
## AS CHANGE MAKERS



**MOTTO 2023**

നന്മ സുവിശേഷിക്കുന്നവരുടെ കാൽ എത്ര മനോഹരം   റോമർ 10:15

How beautiful are the feet of those who bring good news!   Romans 10:15

நற்காரியங்களைச் சுவிசேஷமாய் அறிவிக்கிறவர்களுடைய பாதங்கள் எவ்வளவு அழகானவைகள்   ரோமர் 10: 15

# 16th Death Anniversary

20th March 2023

In Loving Memory of



## Mr. A. T. Joseph

"Ampattu"

15th April 1918 to 20th March 2007

Remembered By:
A J Thomas and Family (ID No. T-058 / Page: 227)
Mary Mathews and Family (ID No. M-042 / Page: 528)
A J Abraham and Family (ID No. A-010 / Page: 54)

## Vicar



**Rev. P. K. Chacko**
Christ Church Parsonage
DBRA-61., Near Devaswom
Board Jn, Nanthencode,
Trivandrum-695003
Mobile: 9447176033, 9961616929
Telephone: 2316033

## Asst. Vicar



**Rev. Sam Mathew Roy**
Christ Church Parsonage
Fern Hill Bethel
Thycaud P.O,
Trivandrum-695014
Mobile: 9447006033

## Church Wardens

| | |
|---|---|
| Mr. George Koshie | 9447055518 |
| Mr. Korah Abraham | 9447155109 |

## Church Secretary

| | |
|---|---|
| Dr. Thomas Biju Mathew | 8075542177 |

## Lay Treasurer

| | |
|---|---|
| Mr. Paulraj K | 9447022463 |

## Internal Auditor

| | |
|---|---|
| Mr. Roy Philip (Alummootil) | 9895684681 |

## Church Committee Members

| | |
|---|---|
| Mr. Abraham Ninan | 9072170226 |
| Mr. Bibin Hezakiel V | 9447747755 |
| Mr. D Soman John | 9447007700 |
| Mr. Jacob K Varghese | 9495829627 |
| Mr. Jacob Thomas | 9495120219 |
| Adv. Mrs. K A Achamma | 9447152395 |
| Mr. Koshy George | 9745036120 |
| Mrs. Mariam Jacob | 9422400262 |
| Mr. Mathew Thomas | 9496371519 |
| Dr. Minu Jacob | 9446255011 |
| Mr. Robin Sam Kurien | 8921318737 |

## Diocesan Council Members

| | |
|---|---|
| Mr. Abraham Koshy | 9447388184 |
| Mr. Beju Joseph | 9495850181 |
| Mr. Biju Mathew | 9447101415 |
| Ms. Jolly Mathai | 9447570413 |
| Mr. Mathew John | 9847066965 |
| Adv. P J Koshy | 9249718765 |

## Senior Presbyters

| | |
|---|---|
| Very. Rev. Matthew Matthew | 2559965 |
| Rev. Dr. Jacob Verghis | 2432560 |
| Rev. Dr. George Joseph | 9447452473 |

## Presbyters helping us in Holy Services

| | |
|---|---|
| Rev. Ninan Jacob | 9446324262 |
| Rev. A. Viswasaraj (Tamil) | 9495349325 |

## Church Staff

| | |
|---|---|
| Mr. Aji George Jacob | 9495304997 |
| Mr. Tinu P.S. (Justin) | 8893292192 |
| Mr. Roy Daniel | 9605242882 |
| Mr. Roy Mathew | 9567776996 |

# TIDINGS

## MARCH 2023

| Sunday | Monday | Tuesday | Wednesday | Thursday | Friday | Saturday |
|---|---|---|---|---|---|---|
| | | | 1 | 2 | 3 | 4 |
| 5 | 6 | 7 | 8 | 9 | 10 | 11 |
| 12 | 13 | 14 | 15 | 16 | 17 | 18 |
| 19 | 20 | 21 | 22 | 23 | 24 | 25 |
| 26 | 27 | 28 | 29 | 30 | 31 | |

## Editorial Board

Rev. P. K. Chacko
Rev. Sam Mathew Roy
Mr. Saji Sam George (Convener)
Dr. Thomas Biju Mathew
Mr. George Koshie
Mr. Korah Abraham
Mr. Biju Mathew
Adv. P J Koshy
Mrs. Mariam Jacob
Mr. Ebby P Kuruvilla
Mr. Ambatt Shaji Joseph

**CSI CHRIST CHURCH**
(Diocese of Madhya Kerala)

Palayam Trivandrum
Office: 2726033
Email: office@csichristchurch.org
www.csichristchurch.org

Online Edition-http://www.csichristchurch.org/tidings/

## Area Conveners

| | | |
|---|---|---|
| Kesavadasapuram | Mr. C.T. John | 9447694352 |
| | Mr. Kuruvilla Kurian | 9847114748 |
| Kowdiar-Kuravankonam | Mrs.Susan Thomas | 9447751085 |
| | Mr. Vinod Thomas | 9895206215 |
| Kunnukuzhy- Barton/Gpattom | Mr. T.V.Jacob | 9645144175 |
| MC/Kannammoola | Mr. Koshy George | 9745036120 |
| | Mr. Joshy Mathew | 9809788681 |
| Nanthencode | Mr. A.J.Thomas | 9447020738 |
| | Mr. Abraham Ninan | 9072170226 |
| Palayam/Vazhu./Thycaud. | Mr. D. Soman John | 9447007700 |
| | Mrs. Kunjukunjamma Oommen | 9446313661 |
| Pattom-Plamoodu | Mr. George Ninan | 8289909503 |
| Peroorkada | Mr. M. K. Philip | 8137023110 |
| Pettah-Manacadu | Mr. K.J George | 9400451149 |
| Pongumoodu- Sreekaryam | Prof.K.V. Thomas | 8547247910 |
| Poojappura-Karamana | Mr. Eipe Kuruvilla | 9447694158 |
| PTP Nagar-Vattiyoorkavu | Mr. V.S. Hezekiel | 9447071185 |
| | Mr. Jacob C. | 9496366635 |

## Organisation Secretaries

| | | |
|---|---|---|
| Sunday School | Mr. Jacob Thomas | 9495120219 |
| Youth Movement | Mr. Ashish Mathew | 7736996978 |
| Young Family Fellowship | Mr. K.J. George | 9846275163 |
| Women's Fellowship | Mrs. Reena Kurian | 9496290773 |
| Almaya Fellowship | Mr. Eipe Kuruvilla | 9447694158 |
| Golden Age Fellowship | Mr. C.T. John | 9447694352 |
| Ecology Forum | Mr. M. J. Kuruvila | 9447734292 |
| Medical Forum | Dr. V. P. Philip | 9446684868 |
| Christuseva | Mr. Reji Easow Cherian | 7994455788 |
| Hindi Worship Service | Mr. Abhay Kumar | 9446948217 |

# 'Vicar's Reflections

Loving greetings to all in the name of the Lord Jesus Christ who is coming again. The Christian Church is going through the period of lent. I would like to share a little thought with you.

Psalm 6:4 "Return, O Lord, deliver my soul: oh save me for thy mercies' sake." Lent is a time of reconciliation and repentance. During this time, we must prepare to remember God's love that redeemed mankind through Jesus Christ. Lent is a time of redemption. The redemption of man's soul is very precious.

Ash is a sign of repentance, remorse and sorrow. The forty days leading up to Easter are set aside for prayer and fasting, modeled after Jesus Christ's forty days of fasting. The first No Tobacco Day in the UK began IN 1984 on Ash Wednesday.Today it is observed on the second Wednesday of March. In the lent that begins on this day, meat, alcohol and other intoxicating substances are given up and more time is reserved for prayer and repentance. Let me record three short thoughts.

**1. Life-giving Tribulation (1 Kings 17:12-24)**

When we are persecuted, life is poured out into others. When we share in suffering, life comes to others. 2 Corinthians 4:9,10 states that the death of Jesus is necessary for the life of Jesus to be revealed. When the son of the widow of Zarephath died, Elijah heard many complaints and complaints. But Elijah fell on the boy three times. He prayed for the child's soul to return to him. This is the prayer of a priest. The experience of taking on the burdens of others and bearing one's own cross.

**2. Christ like suffering**

Sufferings should produce the appearance of Christ in us. Saint Paul's call (Phil. 2:5) to put on the image of Jesus Christ who took the form of a servant without holding on to equality with God is important here. The key here is the theory of Kenosis in human likeness without the self. That is the experience of self-emptying.

**3. The suffering of discipleship**

Christ calls us to be disciples, not just believers. We must sacrifice ourselves to become disciples. They must take up their cross. Jesus died for mankind as an example for us. We must meditate on Jesus in our daily experience of the crucifixion. The cross is the beginning of resurrection and eternal redemption.

In conclusion, let this season of Lent be a servicing experience of our lives. The vehicle is serviced to wash away dirt, mud and debris from its run. Corroded parts will create noise, but when serviced, it can run smoothly. May God grant us all that this lent period will be like that.

A few more things are brought to everyone's attention. This year is the year when Mahaidavaka elects new office bearers. Therefore, you are reminded to pay monthly subscriptions, harvest festival auction amounts and all other amounts due to the church without any arrears.

**Associate Membership**

The constitution stipulates that people who are associate members of this church and primary members of any other church in Mahaidavaka should furnish a declaration to the parish vicar before March 31, where they will be exercising their voting rights.

**Membership**

It is known that there are people who have been living without any connection with this church for many years and are involved in other church worship. In the context of recent incidents of shouting and challenging those in charge of the church when there are some special needs, it is reminded to those who want to come back to this church to come regularly and participate in our worship. Be careful not to be subject to ecclesiastical legal proceedings.

**Lenten meditation**

All are reminded to attend as there is Lent worship from 6pm every Wednesday from Ash Wednesday until the end of Lent.

**Rev. P. K. Chacko Achen**
Vicar

**Rev. Sam Mathew Roy Achen**
Asst.Vicar

**ഇടവക പട്ടക്കാരന്റെ കത്ത്**

വീണ്ടും വരുന്ന കർത്താവായ യേശുക്രിസ്തുവിന്റെ നാമത്തിൽ എല്ലാവർക്കും സ്നേഹവന്ദനം. ക്രൈസ്തവ സഭ നോമ്പിന്റെ കാലഘട്ടത്തിലൂടെ കടന്നുപോകുകയാണല്ലോ. ഒരു ചെറിയ ചിന്ത നിങ്ങളുമായി പങ്കുവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു.

സങ്കീ. 6:4 “യഹോവേ, തിരിഞ്ഞു എന്റെ പ്രാണനെ വിടുവിയ്ക്കേണമേ; നിന്റെ കാരുണ്യം നിമിത്തം എന്നെ രക്ഷിക്കേണമേ” അനുരഞ്ജനത്തിന്റെയും അനുതാപത്തിന്റെയും കാലഘട്ടമാണ് നോമ്പുകാലം. യേശുക്രിസ്തുവിലൂടെ മനുഷ്യവർഗ്ഗത്തെ വീണ്ടെടുത്ത ദൈവസ്നേഹത്തെക്കുറിച്ചോർക്കുവാൻ ഈ സമയം നാം തയ്യാറാകണം. നോമ്പ് വീണ്ടെടുപ്പിന്റെ സമയമാണ്. മനുഷ്യന്റെ പ്രാണന്റെ വീണ്ടെടുപ്പ് വളരെ വിലയേറിയതാണ്.

ചാമ്പൽ അനുതാപത്തിന്റെയും മാനസാന്തരത്തിന്റെയും ദുഃഖത്തിന്റെയും അടയാളമാണ്. യേശുക്രിസ്തു 40 ദിവസം ഉപവസിച്ചതിനെ മാതൃകയാക്കികൊണ്ടാണ് ഈസ്റ്റർ ദിനത്തിന്റെ മുമ്പുള്ള 40 ദിവസം പ്രാർത്ഥനയ്ക്കും ഉപവാസത്തിനുമായി മാറ്റിവയ്ക്കുന്നത്. 1984 United Kingdom-ൽ ആദ്യപുകയില വിരുദ്ധദിനം തുടങ്ങിയത് ഒരു ചാമ്പൽ ബുധനാഴ്ചയായിരുന്നു. ഇന്നത് മാർച്ച് 2-ാം ബുധനാഴ്ചയിൽ ആചരിക്കുന്നു. ഈ ദിവസം തുടങ്ങുന്ന നോമ്പിൽ മാംസാഹാരം, മദ്യം മുതലായ ലഹരി വസ്തുക്കളും ഒക്കെ ഉപേക്ഷിച്ച് പ്രാർത്ഥനയ്ക്കും, അനുതാപത്തിനും കൂടുതൽ സമയം മാറ്റിവയ്ക്കുന്നു. ചെറിയ ചിന്തകൾ രേഖപ്പെടുത്തുന്നു.

**1. ജീവൻ പകരുന്ന പീഢാനുഭവകാലം (1രാജ 17:12-24)**

നാം പീഢിപ്പിക്കപ്പെടുമ്പോൾ മറ്റുള്ളവരിലേക്ക് ജീവൻ പകരപ്പെടുന്നു. നാം കഷ്ടതകളിൽ പങ്കാളികളാകുമ്പോൾ മറ്റുള്ളവർക്ക് ജീവൻ ഉണ്ടാകുന്നു. യേശുവിന്റെ ജീവൻ വെളിപ്പെടേണ്ടതിന് യേശുവിന്റെ മരണം വഹിക്കുന്നു എന്നാണല്ലേ. 2 കൊരി. 4:9,10 വാക്യങ്ങളിൽ പ്രതിപാദിക്കുന്നത്. സാരഫാത്തിലെ വിധവയുടെ മകൻ മരിച്ചപ്പോൾ ഏലിയാവ് വളരെ പരാതികളും പരിഭവങ്ങളും കേട്ടു. എന്നാൽ ഏലിയാവ് ആ കുട്ടിയുടെമേൽ 3 പ്രാവശ്യം കവിണ്ണുകിടന്നു. കുട്ടിയുടെ പ്രാണൻ അവനിൽ മടങ്ങിവരുവാൻ പ്രാർത്ഥിച്ചു. ഇതാണ് ഒരു പുരോഹിതന്റെ പ്രാർത്ഥന. മറ്റുള്ളവരുടെ ഭാരം ഏറ്റെടുത്ത് സ്വയം ക്രൂശുവഹിക്കുന്ന അനുഭവം

**2. ക്രിസ്തുഭാവമുളവാക്കുന്ന പീഢാനുഭവം**

പീഢാനുഭവങ്ങൾ നമ്മിൽ ക്രിസ്തുവിന്റെ ഭാവം ഉളവാക്കണം. ദൈവത്തോടുള്ള സമത്വം മുറുകെ പിടിക്കാതെ ദാസരൂപമെടുത്ത യേശുക്രിസ്തുവിന്റെ ഭാവം ധരിക്കാനാണ് വിശുദ്ധ പൗലൊസിന്റെ ആഹ്വാനം (ഫിലി. 2:5) തന്നെത്താൻ ഒഴിച്ച് മനുഷ്യസാദൃശ്യത്തിലായ കെനോസിസ് സിദ്ധാന്തമാണ് (Kenosis Theory) ഇവിടെ പ്രധാനം, അതായത് സ്വയം ശൂന്യമാക്കുന്ന അനുഭവം.

**3. ശിഷ്യരാകാനുള്ള പീഢാനുഭവം**

വെറും വിശ്വാസികളായിരിക്കാനല്ല ശിഷ്യരായിരിക്കാനാണ് ക്രിസ്തു വിളിക്കുന്നത്. ശിഷ്യരാകാനായി നാം സ്വയം ത്യജിക്കണം. അവരവരുടെ ക്രൂശ് എടുക്കണം. യേശു മനുഷ്യവർഗ്ഗത്തിനുവേണ്ടി മരിച്ചത് നമുക്കു മാതൃകയാണ്. ദിനംതോറുമുള്ള ക്രൂശീകരണ അനുഭവത്തിൽ യേശുവിനെ നാം ധ്യാനിക്കണം. ക്രൂശ് ഉയിർപ്പിന്റെയും നിത്യവീണ്ടെടുപ്പിന്റെയും ആരംഭമാണ്.

ഉപസംഹരിക്കുമ്പോൾ ഈ നോമ്പുകാലം നമ്മുടെ ജീവിതത്തിന്റെ സർവ്വീസിംഗ് അനുഭവമാകട്ടെ. വണ്ടി സർവ്വീസ് ചെയ്യുന്നത്. അതിന്റെ ഓട്ടത്തിൽ പറ്റിയ മണ്ണും, ചെളിയും മാലിന്യങ്ങളും കഴുകികളയാനാണ്. തുരുമ്പിച്ച ഭാഗങ്ങൾ അപസ്വരം സൃഷ്ടിക്കും. എണ്ണ ഇട്ട് സ്മൂത്ത് ആകുമ്പോൾ സുഗമമായി ഓടുവാൻ സാധിക്കും. ഈ വർഷത്തെ നോമ്പിന്റെ കാലഘട്ടം അപ്രകാരമായിത്തീരാൻ നമുക്കെല്ലാവർക്കും ദൈവം തമ്പുരാൻ ഇടയാക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ചില കാര്യങ്ങൾകൂടി എല്ലാവരുടെയും ശ്രദ്ധയിൽ കൊണ്ടുവരുന്നു. ഈ വർഷം മഹായിടവക, പുതിയ ഭാരവാഹികളെ തെരഞ്ഞെടുക്കുന്ന വർഷമാണ്. അതിനാൽ മാസവരി, ആദ്യഫലലേലത്തുക, മറ്റ് സഭാമുതലിലേക്കുവരേണ്ടുന്ന എല്ലാ തുകകളും കുടിശികയില്ലാതെ നൽകാൻ ഓർപ്പിക്കുന്നു.

## Associate Membership

ഈ സഭയിലും മഹായിടവകയിലെ മറ്റേതെങ്കിലും സഭയിലും അംഗത്വമുള്ള ആളുകൾ, ഇലക്ഷൻ ഉണ്ടെങ്കിൽ, അംഗത്വമുള്ള ഏതുസഭയിലാണ് വോട്ടുചെയ്യാൻ ആഗ്രഹിക്കുന്നത് എന്നകാര്യം മാർച്ച് 31 നു മുമ്പായി രേഖാമൂലം ഇടവക വികാരിയെ ഏല്പിക്കണം എന്ന് ഭരണഘടന നിഷ്കർഷിക്കുന്നു.

## Membership

ദീർഘവർഷങ്ങളായി ഈ സഭയുമായി ബന്ധമില്ലാതെയും മറ്റ് സഭാ ആരാധനയിൽ സംബന്ധിച്ചും ജീവിക്കുന്നവർ ഉണ്ടെന്നറിയുന്നു. ചില പ്രത്യേക ആവശ്യങ്ങൾ വരുമ്പോൾ സഭാ ചുമതലപ്പെട്ടവർക്കുനേരെ ആക്രോശവും വെല്ലുവിളികളും ഉയർത്തിയ സംഭവങ്ങൾ ഉണ്ടായതിന്റെ പശ്ചാത്തലത്തിൽ, ഈ സഭയിലേക്കു മടങ്ങിവരാൻ ആഗ്രഹിക്കുന്നവർ ക്രമമായിവന്ന് ആരാധനയിൽ സംബന്ധിക്കുവാൻ ഓർമ്മിപ്പിക്കുന്നു. സഭാപരമായ നിയമനടപടികൾക്ക് വിധേയരാകാതിരിക്കാൻ പ്രത്യേകം ശ്രദ്ധിക്കുമല്ലോ.

## നോമ്പുകാല ധ്യാനം

ചാമ്പൽ ബുധൻ മുതൽ നോമ്പവസാനിക്കുന്നതുവരെ എല്ലാ ബുധനാഴ്ചകളിലും വൈകിട്ട് 6 മുതൽ നോമ്പിന്റെ ആരാധന ഉണ്ടായിരിക്കുന്നതിനാൽ സംബന്ധിക്കുവാൻ ഏവരേയും ഓർമ്മിപ്പിക്കുന്നു.

എല്ലാവരേയും ദൈവം അനുഗ്രഹിക്കട്ടെ.

**റവ. പി. കെ. ചാക്കോ അച്ചൻ**
വികാരി

**റവ. സാം മാത്യു റോയി അച്ചൻ**
അസി. വികാരി



# വാർത്തകളും കുറിപ്പുകളും

**1. സൺഡേസ്കൂൾ വാർഷിക ദിനാഘോഷം: ഫെബ്രുവരി 4 ശനി**

സൺഡേസ്കൂൾ വാർഷിക ദിനാഘോഷം 2023 ഫെബ്രുവരി 4 ശനിയാഴ്ച സെന്റിനറിഹാളിൽ, ഇടവക വികാരി റവ. പി. കെ. ചാക്കോ അച്ചന്റെ അദ്ധ്യക്ഷതയിൽ, വൈകുന്നേരം 5 മണി മുതൽ നടത്തി. സൺഡേസ്കൂൾ കുട്ടികളുടെ ആക്ഷൻസോംഗ്, ഗ്രൂപ്പ് മ്യൂസിക്, ബൈബിൾ അധിഷ്ഠിത സ്കിറ്റുകൾ എന്നിവ സഭാജനങ്ങൾക്ക് ഏറെ ആസ്വാദ്യകരമായിരുന്നു. വിശിഷ്ടാതിഥി, ട്രിനിറ്റി മാർത്തോമ്മാ സഭാവികാരി റവ. ഡോ. ജോൺ ജി. മാത്യൂസ് കുട്ടികൾക്കുള്ള സന്ദേശം നൽകി. കോവിഡ് നിയന്ത്രണങ്ങൾക്ക്ശേഷം ഓഫ്ലൈനായി സംഘടിപ്പിച്ച സൺഡേസ്കൂൾ വാർഷികം ഏവർക്കും അനുഗ്രഹകരമായിരുന്നു. നേതൃത്വം നൽകിയ എല്ലാവർക്കും സഭയുടെ അനുമോദനങ്ങൾ.

**2. വിമൻസ് ഫെലോഷിപ്പിന് ജില്ലാതല ഓവറോൾ ട്രോഫി**

ഫെബ്രുവരി 11, ശനിയാഴ്ച താഴത്ത്മൺ സി. എസ്. ഐ. ചർച്ചിൽ വെച്ച് നടത്തിയ അടൂർ വൈദിക ജില്ലാതല കലാമേളയിൽ പങ്കെടുത്ത്, ഏറ്റവും കൂടുതൽ പോയിന്റുകൾ നേടി നമ്മുടെ വിമൻസ് ഫെലോഷിപ്പ് അംഗങ്ങൾ ഓവറോൾ ചാമ്പ്യൻഷിപ്പ് ട്രോഫി കരസ്ഥമാക്കി. വൈദിക ജില്ലാതലത്തിൽ തുടർച്ചയായി ഒന്നാം സ്ഥാനത്തെത്തുന്ന ക്രൈസ്റ്റ് ചർച്ച് വിമൻസ് ഫെലോഷിപ്പിലെ കലാപ്രതിഭകൾക്ക് സഭയുടെ അഭിനന്ദനങ്ങൾ അറിയിക്കുന്നു.

**3. ഹരിതഭവനം അവാർഡ് വിതരണവും ഗോൾഡൻ ഏജ് ഫെലോഷിപ്പിന്റെ മുതിർന്നവരെ ആദരിക്കലും: ഫെബ്രുവരി 12, ഞായർ**

ഫെബ്രുവരി 12, ഞായറാഴ്ചയിലെ മലയാളം ആരാധന കഴിഞ്ഞ് നമ്മുടെ ഇക്കോളജിഫോറം മുൻകൈ എടുത്ത് നടത്തിയ ഹരിതഭവനവും അനുബന്ധ അവാർഡുകളും പുരസ്കാരങ്ങളും മത്സരത്തിലെ വിജയികൾക്ക് ഇടവകവികാരി റവ.പി. കെ. ചാക്കോ അച്ചൻ നൽകി. ഹരിതഭവനം അവാർഡുകൾ കരസ്ഥമാക്കിയ ശ്രീ.തോമസ് വി. ഉമ്മൻ, ശ്രീ. ജോസഫ് ജോർജ്ജ് എന്നിവരെയും മറ്റ് സമ്മാനങ്ങൾ നേടിയ നമ്മുടെ 12 സഭാംഗങ്ങളെയും, ഇതിന്റെ മത്സരവും വിലയിരുത്തലും

സ്തുത്യർഹമായി നിർവ്വഹിച്ച ഇക്കോളജി ഫോറം ഭാരവാഹികളെയും സഭയുടെ പേരിൽ അനുമോദിക്കുന്നു.

തുടർന്ന്, ഗോൾഡൻ ഏജ് ഫെലോഷിപ്പിന്റെ ആഭിമുഖ്യത്തിൽ, 90 വയസ്സ് പൂർത്തിയാക്കിയ നമ്മുടെ 3 മുതിർന്ന സഭാംഗങ്ങളെ പൊന്നാട അണിയിച്ച് ആദരിച്ചു. ഈ പ്രോഗ്രാമിൽ എത്തിച്ചേരാൻ സാധിക്കാതെ വന്നവരെ ഭവനങ്ങളിൽ സന്ദർശിച്ച് സഭയുടെ സ്നേഹാദരങ്ങൾ പങ്ക് വെയ്ക്കുന്നതായിരിക്കും.

**4. പാലൂർക്കാവിലെ ഭവനരഹിതന് ക്രൈസ്റ്റ് ചർച്ചിന്റെ സ്നേഹസമ്മാനം**

ഈ വർഷത്തെ നമ്മുടെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ ഭാഗമായി പ്രളയക്കെടുതിയിൽപ്പെട്ട പാലൂർക്കാവിലെ (മുണ്ടക്കയം) സെന്റ് ജോൺസ് സി. എസ്. ഐ. സഭാംഗം ശ്രീ. നോബിൾ ജോസഫിന്റെ ഭവനനിർമ്മാണം പൂർത്തിയായി. ഫെബ്രുവരി 15, ബുധനാഴ്ച നടന്ന ഭവന പ്രതിഷ്ഠാ ശുശ്രൂഷയ്ക്ക് നമ്മുടെ ഇടവകവികാരി റവ പി. കെ. ചാക്കോ അച്ചൻ മുഖ്യകാർമ്മികത്വം വഹിച്ചു. ക്രൈസ്റ്റ് ചർച്ച് ഇടവകയെ പ്രതിനിധീകരിച്ച് ശുശ്രൂഷയിൽ പങ്കെടുത്ത കമ്മിറ്റി അംഗങ്ങൾക്ക് നന്ദി.

**5. ഭിലായ് മിഷൻ സ്കൂൾ കെട്ടിടത്തിന്റെ പ്രതിഷ്ഠയും വെല്ലൂർ ബെത്-സാഥാ ഗൈഡൻസ് സെന്ററിന്റെ ശിലാസ്ഥാപനവും**

ഭിലായ് ഇൻഡസ്ട്രിയൽ മിഷന്റെ സ്വപ്നസാക്ഷാത്ക്കാരമായ പുതിയ സ്കൂൾ കെട്ടിടത്തിന്റെ പ്രതിഷ്ഠാ ശുശ്രൂഷയും, വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിന് സമീപം കണികാപുരത്ത് മഹായിടവക പുതുതായി നിർമ്മിക്കുന്ന ബെത്-സേഥാ സ്പിരിച്ചാലിറ്റി & ഗൈഡൻസ് സെന്ററിന്റെ ശിലാസ്ഥാപനവും (21-02-23, ചൊവ്വ) മഹായിടവക ബിഷപ്പ് റൈറ്റ് റവ. ഡോ. മലയിൽ സാബു കോശി ചെറിയാൻ നിർവ്വഹിച്ചു. ഭിലായ് സ്കൂൾ കെട്ടിട നിർമാണത്തിന് നേതൃത്വം നൽകിയ റവ. സുബിൻ തോമസ് അച്ചനെ അഭിനന്ദിക്കുകയും കൈത്താങ്ങൽ നൽകിയ എല്ലാവരെയും ദൈവം അനുഗ്രഹിക്കട്ടെ എന്ന് ബിഷപ്പ് ആശംസിക്കുകയും ചെയ്തു. രണ്ട് പ്രോജക്ടുകൾക്കുംവേണ്ടി കൈതുറന്ന് സഹായിച്ച എല്ലാ നമ്മുടെ ഇടവകാംഗങ്ങളെയും ദൈവം സമൃദ്ധിയായി അനുഗ്രഹിക്കട്ടെ.

**6. പർക്കാൽ മിഷൻ ശതാബ്ദി ഞായർ : ഫെബ്രുവരി 19, ഞായർ**

പർക്കാൽ മിഷൻ ശതാബ്ദി ഞായർ ആയി മദ്ധ്യകേരള മഹായിടവകയിലെ എല്ലാ പള്ളികളും ഫെബ്രുവരി 19 ആചരിച്ചു. നമ്മുടെ

മുൻ ബിഷപ്പ് റൈറ്റ് റവ. ഡോ. തോമസ് കെ. ഉമ്മൻ തിരുമേനി, മലയാളം ആരാധനയിൽ വിശുദ്ധസംസർഗ ശുശ്രൂഷയ്ക്ക് നേതൃത്വം നൽകുകയും കൊച്ചമ്മ, ഡോ. സൂസൻ തോമസ് അന്നത്തെ ഇംഗ്ലീഷ്, മലയാളം ആരാധനകളിൽ അനുഗ്രഹീത വചനശുശ്രൂഷ നടത്തുകയും ചെയ്തു. ഫെബ്രുവരി 24, 25 തീയതികളിൽ കോട്ടയത്ത് വച്ച് മിഷൻ സംഗമവും, ഒരു വർഷം നീണ്ട് നില്ക്കുന്ന പർക്കാൽ ശതാബ്ദി ആഘോഷങ്ങളുടെ ഉത്ഘാടനവും നടത്തി.

**7. ചർക്കാരി മിഷൻ പ്രതിനിധികളുടെ ഇടവക സന്ദർശനം: ഫെബ്രുവരി 23, വ്യാഴം**

ഉത്തർപ്രദേശിലെ ചർക്കാരി മിഷന്റെ ചർച്ച് വർക്കർ ശ്രീ. ജോൺ സാറും കുടുംബവും, സെന്റ് ജയിംസ് ഹയർ സെക്കന്ററി സ്കൂളിലെ അദ്ധ്യാപകരായ ശ്രീ. ഗാസീറാം സ്റ്റീഫൻ, ശ്രീമതി റേച്ചൽ സ്റ്റീഫൻ, ചർക്കാരി മിഷൻ പ്രവർത്തകർ എന്നിവരുടെ 9 അംഗസംഘം ഫെബ്രുവരി 23 വ്യാഴാഴ്ച നമ്മുടെ ഇടവക സന്ദർശിച്ചു. റവ. സാം മാത്യു റോയ് അച്ചന്റെ നേതൃത്വത്തിൽ നമ്മുടെ സഭാജനങ്ങളും കമ്മിറ്റി അംഗങ്ങളും ചേർന്ന് അതിഥികളെ സ്വീകരിക്കുകയും ഉച്ചവരെ അവരോടൊപ്പം സ്തോത്രാരാധനയും കൂട്ടായ്മയും ആചരിക്കുകയും ചെയ്തു.

**8. അദ്ധ്യയനവർഷാന്ത്യ പരീക്ഷയ്ക്ക് വേണ്ടി പ്രാർത്ഥന: ഫെബ്രുവരി 26, ഞായർ**

ഈ വർഷത്തെ വർഷാന്ത്യ പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന കുട്ടികൾക്ക് വേണ്ടി ഫെബ്രുവരി 26, ഞായറാഴ്ചയിലെ എല്ലാ ആരാധനകളിലും ആരാധനമദ്ധ്യേ പ്രത്യേക പ്രാർത്ഥന നടത്തി. പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന എല്ലാവർക്കും വേണ്ടി സഭാജനങ്ങളുടെ തുടർന്നുള്ള പ്രാർത്ഥന അപേക്ഷിക്കുന്നു.

ഈ വർഷത്തെ വരിസംഖ്യയും മറ്റെല്ലാ കുടിശ്ശികകളും മാർച്ച് 31 ന് മുൻപ് തീർപ്പാക്കി, വോട്ടേഴ്സ് ലിസ്റ്റിൽ ഉൾപ്പെടുന്നതിന് എല്ലാ സഭാംഗങ്ങളും ഏറ്റവും ഉത്സാഹിക്കേണമേ എന്ന് അഭ്യർത്ഥിച്ചുകൊണ്ട്,

പ്രാർത്ഥനയോടെ,

തോമസ് ബിജു മാത്യു

ചർച്ച് സെക്രട്ടറി

# ALMANAC

| | |
|---|---|
| 05-03-2023 | 5th Sunday before Easter 2nd Sunday in Lent<br>Women's Sunday മഹായിടവക സ്ത്രീജന ഞായർ<br>Women as Change Makers<br>സ്ത്രീകൾ മാറ്റത്തിന്റെ സ്രോതസ്സ്<br>OT Numbers 27: 1 - 11 Psalm 119: 57 - 64<br>Epistle Acts 16: 11 - 15 Gospel Luke 1: 46 - 55<br>6.00 a.m. H.E. (Tamil) 7.15 a.m. H.E. (English)<br>9.45 a.m. H.E. (Mal) 6.00 p.m. Even song at Zenana |
| 10-03-2023 | H E (Malayalam) Church 7.30 AM Friday |
| 12-03-2023 | 4th Sunday before Easter 3rd Sunday in Lent<br>The Accepting Christ<br>സ്വീകരിക്കുന്ന ക്രിസ്തു<br>OT Hosea 2: 14 - 23 Psalm 87:<br>Epistle Philemon 1 - 21 Gospel Matthew 15: 21 - 28<br>6.00 a.m. Mattins (Tamil) 7.00 a.m. H.E. (Mal) Zion hall<br>7.15 a.m. H.E. (English) 9.45 a.m. Mattins (Mal) 6.00pm H.E. (Mal) at Zenana |
| 17-03-2023 | H E (Malayalam) Church 7.30 AM Friday |
| 19-03-2023 | 3rd Sunday before Easter 4th Sunday in Lent<br>The Liberating Christ<br>വിടുവിക്കുന്നവനായ ക്രിസ്തു<br>OT Exodus 3: 1 - 13 Psalm 82:<br>Epistle Galatians 5: 1 - 12 Gospel Luke 13: 10 - 17<br>6.00 a.m. H.E. (Tamil) 7.15 a.m. H.E. (English)<br>9.45 a.m. H.E. (Malayalam) 6.00 p.m. Even song at Zenana |
| 24-03-2023 | H E (Malayalam) Church 7.30 AM Friday |
| 26-03-2023 | 2nd Sunday before Easter 5th Sunday in Lent<br>Passion Sunday<br>Cross and the Restoring Christ |

| | |
|---|---|
| | **ക്രൂശും യഥാസ്ഥാനപ്പെടുത്തുന്ന ക്രിസ്തുവും**<br>OT Job 42: 10 - 17 Psalm 126:<br>Epistle Ephesians 2: 1 - 10 Gospel: Mark 10: 46 - 52<br>6.00 a.m. Mattins (Tamil) 7.15 a.m. Mattins (English)<br>9.45 a.m. H.E. (Mal) 6.00 p.m. Even song at Zenana |
| 31-03-2023 | H.E. (Malayalam) Church 7.30 AM Friday |
| 02-04-2023 | Sunday before Easter<br>Palm Sunday **ഹോശന്ന ഞായർ**<br>Christ: The King of Peace<br>**ക്രിസ്തു സമാധാനപ്രഭു**<br>OT Zechariah 9: 1 - 12 Psalm 24:<br>Epistle Ephesians 2: 11 - 22 Gospel Mark 11: 1 - 11<br>6.00 a.m. H.E. (Tamil) 7.15 a.m. H.E. (English)<br>9.45 a.m. H.E. (Mal) 6.00 p.m. Even song at Zenana |

## Thought for the Month

**“The beginning of anxiety is the end of faith and the beginning of true faith is the end of anxiety .”**

George Müller (1805 - 1898) Bristol, England was a man of deep faith and great prayer. Without asking anyone but by his prayer and faith, he could care for one lakh orphaned children. He was the Founder and Director of the famous Ashley Down Orphanage in England.

Biblical references


Roman Centurions faith.

Jesus said “I have not found such great faith, not even in Israel!”

**Matthew 8: 5 to 10**

“Therefore do not worry……..For your heavenly Father knows that you need all these things. **Matthew 6: 31, 32**

“Be anxious for nothing” **Philippians 4: 6**



# സങ്കീർത്തനങ്ങളിൽകൂടി ഒരു യാത്ര...

## സങ്കീർത്തനങ്ങൾ – 21

**ഈ** രാജകീയ സ്തോത്രഗാനത്തിന് മുൻസങ്കീർത്തനവുമായി അടുത്ത ബന്ധമുണ്ട്. യുദ്ധത്തിനു പുറപ്പെടുന്ന രാജാവിനുവേണ്ടി ജനം പ്രാർത്ഥിക്കുന്നതു നാം കണ്ടു. ഇവിടെ ദൈവം പ്രാർത്ഥന കേട്ടു. ജനം യഹോവയാൽ ലഭിച്ച ജയത്തിൽ സന്തോഷിക്കുന്നു. രാജാവിനു ലഭിച്ച അനുഗ്രഹത്തിനുവേണ്ടി നന്ദി പറയുന്നു. ദൈവം ജയം നല്കിയ രീതിയെ ആദ്യം അവർ ഓർക്കുന്നു. തുടർന്നു രാജാവിന്റെ എല്ലാ ശത്രുക്കളെയും എന്നേക്കുമായി പരാജയപ്പെടുത്തുന്നത് മുൻകൂട്ടി കാണുന്നു. അവസാന മായി യഹോവയുടെ ശക്തിയെയും ബലത്തെയും കീർത്തിക്കുന്നു.

യുദ്ധവീരനായ യഹോവ തന്റെ ശക്തി വെളിപ്പെടുത്തിയതിനാൽ രാജാവു സന്തോഷിക്കുന്നു. തക്കസമയത്തെ യഹോവയുടെ ഇടപെടലി നായി ദൈവത്തെ സ്തുതിക്കുന്നു. തന്റെ, പ്രാർത്ഥിച്ച, ആഗ്രഹിച്ച വിജയം ദൈവം നല്കി. ജയവും സമൃദ്ധിയും നല്കി യഹോവ അനുഗ്രഹിച്ചു. നശിക്കാത്ത തങ്കക്കിരീടത്തെ അവന്റെ തലയിൽ വച്ചു. രാജാവിന്റെ പ്രാർ ത്ഥനയ്ക്കുത്തരമായി ജീവനും ദീർഘായുസ്സും നല്കി, കൂടാതെ നിത്യ മായ ദൈവസാന്നിദ്ധ്യവും. രാജാവിന്റെ മഹത്വം ദൈവകൃപയാലാകുന്നു.

തന്റെ ശക്തിയുടെ മാഹാത്മ്യത്തിന് ദൈവത്തെ സ്തുതിക്കുന്ന താണ് അവസാന ഖണ്ഡിക. തൻ മക്കളെ വിടുവിക്കുവാനും ശത്രുവിനെ തകർക്കാനും ദൈവശക്തി അയച്ചതിനാൽ പാടി ദൈവത്തെ സ്തുതി ക്കുന്നു.

ദൈവം രാജാവിന്റെ ഭാവിയെ ഭാസുരമാക്കും. ശത്രുക്കളുടെമേൽ വിജയം കൈവരിക്കും. തീച്ചൂള ദഹിപ്പിക്കുന്നതുപോലെ അവരെ നശി പ്പിക്കും. അവരുടെ സന്താനങ്ങൾ ഇല്ലാതാകുകയും ദുരാലോചന വിഫല മാകുകയും ചെയ്യും. ആരാധനാസമൂഹം ദൈവത്തെ സ്തുതിക്കണ മെന്നുള്ള ആഹ്വാനത്തോടെ ഈ സ്തോത്രഗാനം സമാപിക്കുന്നു.

**റവ. സാം മാത്യു റോയ്**

# Haritha Prizes

**were presented on 12.2.23 during Malayalam Service in Church**





**Mr Thomas V Oommen**
**Sreekariyam , First Prize**

**Mr. Joseph George**
**Pettah, Runner up**

## Golden age fellowship honouring members who attained 90 years of age recently





## 12th Death Anniversary

23rd March 2023

*In fond memory of*

### Mr. Albert Gama

Pulimoodu Vilakom
Pettah, Trivandrum

*"We shall meet on that beautiful shore"*

***Remembered by***
Mrs. Doris Albert (ID: D-034 / Page: 407)
Mr. Rex David Gama
and Family (ID: R-047 / Page: 407)



## 11th Death Anniversary

28th March 2023

*In fond memory of*

### Mr. Joseph Stephen

Puthenveettil
Nanthencode

***Remembered by***
Mrs. Leela Joseph (ID: L-004 /Page 221)
Rene Joseph & Family
Bobby Joseph & Family

*30th Year of Demise*

# In loving memory of



## P.V. Deenamma

Panickaredathu

Called to Glory on
13-03-1993

Inserted by:
**Mr. C.T. Abraham & Children**

# 9th Death Anniversary

13th March 2023

## In Loving Memory of



# Rev. Dr. K. K. Koshy

Kalathumkal, Thiruvananthapuram

"ജീവിക്കുന്നു എങ്കിൽ നാം കർത്താവിനായി ജീവിക്കുന്നു;
മരിക്കുന്നു എങ്കിൽ നാം കർത്താവിനായി മരിക്കുന്നു;
അതുകൊണ്ട് ജീവിക്കുന്നു എങ്കിലും മരിക്കുന്നു എങ്കിലും
നാം കർത്താവിന്നുള്ളവർ തന്നെ." (റോമർ 14:8)

Remembered by:

Mrs. Marykutty Koshy (ID: M-045 / Page: 372)

Jinu, Relly, Jeevan, Johan (ID: J-078 / Page: 372)

Jibu, Nija, Rachel, Joann (ID: J-071 / Page 373)

# Women's Fellowship Kalamela











Christ Church Women's Fellowship secured the overall Champion Trophy at the Adoor District Kalamela held on the 11th of February at Thazhathumon church. Christ Church is proud of you.







***Housing provided to a member of St. John's CSI Church Palurkavu near Mundakayam. House was completed within our budget of 5 lakhs per house. This is the 3rd house that we have completed in the area during the past years.***

# PARAKAL MISSION CENTENARY





Bishop Emeritus Most Rev. Thomas K Oommen was guest at Christ Church on the Sunday 19/02/2023



On the eve of the Parkal Mission Centenary Celebrations at Kottayam, CSI church worker of Charkari Mission (UP), Mr. John and family, teachers of St. James Higher Secondary School Mr. Ghasiram Stephen & Mrs. Rachel Stephen visited Christ Church, Thiruvananthapuram. Members of the parish spent valuable time with them in fellowship and prayer.



# Eighth Death Anniversary

3rd March 2023

In Loving Memory of



## Mr. Richie Walsalam

Former Choirmaster, Christ Church

***Fondly Remembered by***
***The Christ Church Family***



Annual day of the Christ Church Sunday School held on the 4th of February



# *In Loving Memory of*





**N M Samuel**
24th Death Anniversary
(March 19)

**P. V. Sarammal**
2nd Death Anniversary
(March 28)

**Naduviladathu House**
MGRA -125, T. K. D. Road,
Pattom

Surely the righteous will never be shaken;
they will be remembered forever. Psalm 112: 6

Remembered By:
Children, Grandchildren & Family Members

# In Loving Memory of



**Mr. M. C. Mathai**
Called to Glory on
**24-03-1990**



**Mrs. Lillykutty Mathai**
Called to Glory on
**11-02-2019**


**Maanthra Mahal**
Plamood, Trivandrum

Remembered by
Mary Lizzy, Jolly (ID: L-007 / Page 288)
Roy, Bini, Robin (ID: R-061 / Page: 288)

Third Death Anniversary

7th March 2023

*In Loving Memory Of*



# Rev. Mathai John

Kuttapuzhayil

(ID - M-049) Parottukonam, Trivandrum

Fondly Remmbered By

Family Members

# സ്ത്രീകൾ
# മാറ്റത്തിന്റെ വക്താക്കൾ



ഡോ. ജെസ്സി സാറാ കോശി
(പ്രസിഡന്റ്, മദ്ധ്യകേരള മഹായിടവക സ്ത്രീജനസംഖ്യം)

**2023** ലെ 'അന്താരാഷ്ട്ര വനിതാ ദിനം'/ International Women's Day യുടെ ചിന്താവിഷയമായ 'സമത്വം പുണരുക' (Embrace Equity) സൂചിപ്പിക്കുന്നത് സമത്വത്തെ സജീവമായി പിന്തുണയ്ക്കുവാനുള്ള നമ്മുടെ നിയോഗത്തെയാണ്. പുരുഷനെയും സ്ത്രീയെയും തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ച ദൈവത്തിന്റെ ദൈവരാജ്യദർശനമാണ് ലിംഗസമത്വം. എന്നാൽ, ഈ സമത്വദർശനത്തെ റദ്ദാക്കുന്ന ചിന്തകളും സംസാരങ്ങളും പ്രവർത്തികളുമാണ് ഇന്നു പലപ്പോഴും നമ്മുടെ സഭകളിലും മതങ്ങളിലും സമൂഹങ്ങളിലും കണ്ടുവരുന്നത്. ഈ പശ്ചാത്തലത്തിലാണ് 'സ്ത്രീകൾ മാറ്റത്തിന്റെ വക്താക്കൾ' എന്ന വിഷയത്തിന്റെ പ്രസക്തി വർദ്ധിക്കുന്നത്.

ദൈവത്തിന്റെ സ്വന്തസാദൃശ്യത്തിലും സ്വരൂപത്തിലും സൃഷ്ടിക്കപ്പെട്ട സ്ത്രീകൾക്ക് ക്രിസ്തു ശരീരത്തിന്റെ അംഗമെന്ന നിലയിൽ ദൈവരാജ്യ ദൗത്യനിർവ്വഹണത്തിനായി എഴുന്നേറ്റ് പ്രകാശിക്കുവാനും അനേകരെ എഴുന്നേൽപ്പിക്കുവാനും, പ്രകാശിപ്പിക്കുവാനും സഹായിക്കുകയും സാഹചര്യം ഒരുക്കുകയും ചെയ്യുന്ന കൂട്ടായ്മയാണ് സ്ത്രീജനസഖ്യം. പ്രാർത്ഥന, സാക്ഷ്യം, സേവനം എന്നുള്ളതാണ് ഈ സഖ്യത്തിന്റെ ഉദ്ദേശ്യം. ഈ ഉദ്ദേശങ്ങൾ സഫലീകരിക്കുന്നതിനനുസരണമായി കാലികമായ പല പ്രവർത്തനങ്ങളും പരിപാടികളും സംരംഭങ്ങളും കാലാകാലങ്ങളിൽ ആവിഷ്ക്കരിച്ച് നടത്തിവരുന്നു.

ബൈബിളിൽ മാറ്റത്തിന്റെ വക്താക്കളായ് കരുതപ്പെടുന്ന സ്ത്രീകളിൽ പ്രധാനപ്പെട്ട അഞ്ചുപേരാണ് മഹ്ളാ, നോവ, ഹോഗ്ള, മിൽക്കാ, തിർസാ എന്നിവർ. സെലോഫഹാദ് മരുഭൂമിയിൽ വച്ചു മരിക്കുന്നതിനെ തുടർന്ന്, അവന്റെ മക്കളായ ഈ അഞ്ചു പുത്രിമാർ സമാഗമനക്കുടാരത്തിന്റെ വാതിൽക്കൽ മോശെയുടെയും എലെയാസാർ പുരോഹിതന്റെയും പ്രഭുക്കന്മാരുടെയും സർവ്വ സഭയുടെയും മുമ്പാകെ നിന്നു പറയുന്നു: ഞങ്ങളുടെ അപ്പന്നു മകൻ ഇല്ലായ്മകൊണ്ടു അവന്റെ പേര് കു

ടുംബത്തിൽനിന്നു ഇല്ലാതെയാകുന്നതു എന്തു? അപ്പൻ സഹോദരന്മാരുടെ ഇടയിൽ ഞങ്ങൾക്കു ഒരു അവകാശം തരേണം. സംഖ്യ. 27:4) മോശ ഈ ആവശ്യം യഹോവയുടെ മുമ്പാകെ സമർപ്പിക്കുമ്പോൾ അവന്നു ലഭിക്കുന്ന ദൈവീക വെളിപ്പാട് ഇങ്ങനെയാണ്. സെലോഫഹാദിന്റെ പുത്രിമാർ പറയുന്നതു ശരി തന്നെ അവരുടെ അപ്പന്റെ സഹോദരന്മാരുടെ ഇടയിൽ അവർക്കു ഒരു അവകാശം കൊടുക്കേണം; അവരുടെ അപ്പന്റെ അവകാശം അവർക്കു കൊടുക്കേണം. ഒരുത്തൻ മകനില്ലാതെ മരിച്ചാൽ അവന്റെ അവകാശം അവന്റെ മകൾക്കു കൊടുക്കേണം (സംഖ്യ 27:7, 8).

എന്നാൽ, സെലോഫഹാദിന്റെ പുത്രിമാരുടെ ചോദ്യത്തിനു ദൈവം നൽകുന്ന ഉത്തരം അവിടം കൊണ്ട് അവസാനിക്കുന്നില്ല. ഒരു വ്യക്തിയുടെ മരണാനന്തരം, അവകാശങ്ങൾ എങ്ങനെയാണ് കൈമാറേണ്ടതെന്നും പങ്കുവയ്ക്കേണ്ടതെന്നും ദൈവം വ്യക്തമാക്കുന്നു (സംഖ്യ. 27:911). ചുരുക്കത്തിൽ, മഹ്ളാ, നോവ, ഹോഗ്ള, മിൽക്കാ, തിർസാ എന്നീ അഞ്ചു വനിതകളുടെ ചോദ്യമാണ് യിസ്രായേലിലെ പിന്തുടർച്ചാവകാശത്തെ കുറിച്ചുള്ള ചർച്ചകൾക്കും പ്രാർത്ഥനകൾക്കും നിർദേശങ്ങൾക്കും തുടർന്നു പാലിക്കേണ്ട പ്രമാണങ്ങൾക്കും ചിട്ടകൾക്കും നിദാനമാകുന്നത്.

സ്ത്രീകൾ തങ്ങളുടെ അവകാശങ്ങൾക്കായി ചോദ്യങ്ങൾ ഉയർത്തുന്നത് അവർക്കുവേണ്ടി മാത്രമല്ല, സഭകൾക്കും സമൂഹത്തിനും നീതിയിലും സമത്വത്തിലും നിലനിൽക്കുവാൻ കൂടിയാണ്. പലതരത്തിലുള്ള അസമത്വങ്ങളും വിവേചനങ്ങളും അടിച്ചമർത്തലുകളും ക്രൂരതകളും വർധിച്ചുവരുന്ന ഇന്നത്തെ ലോകത്തിൽ സ്ത്രീകൾ ഉയർത്തുന്ന വാദങ്ങൾക്കും ചോദ്യങ്ങൾക്കും രാഷ്ട്രീയ, സാമൂഹിക, ആത്മീയമായ മാനങ്ങളുണ്ട്. ആ വാദങ്ങളും ചോദ്യങ്ങളും സഭകളെയും സമൂഹങ്ങളെയും സത്യത്തിലും നീതിയിലും സമാധാനത്തിലും അധിഷ്ഠിതമായ ദൈവരാജ്യസംകൃതിയിലേക്കു വളർത്തുവാൻ പര്യാപ്തമാണ്.

സി. എസ്. ഐ സഭയിലെ പ്രത്യേകിച്ച് ദക്ഷിണകേരള മഹായിടവകയിലെ എല്ലാ വനിതകൾക്കും അവരുടെ കുടുംബങ്ങളിലും, സഭകളിലും, മഹായിടവകകളിലും, അവർ ഇടപെടുന്ന പൊതുയിടങ്ങളിലും, തങ്ങളുടെ ചോദ്യങ്ങളിലൂടെയും ഇടപെടലുകളിലൂടെയും മാറ്റത്തിന്റെ വക്താക്കളായിത്തീരുവാൻ സാധിക്കട്ടെ. അവരിലൂടെ സംഭവിക്കുന്ന മാറ്റങ്ങൾ ദൈവനാമമഹത്വത്തിനും സഭകളുടെ പ്രയോജനത്തിനും ഒരു നവസമൂഹനിർമ്മിതിക്കും മുഖാന്തിരമാകട്ടെ.

# ആശാഭവൻ സിൽവർ ജൂബിലി നിറവിൽ

**സി.**എസ്.ഐ മദ്ധ്യകേരള മഹാഇടവകയുടെ അഭിമാനസ്ഥാപനങ്ങളിൽ ഒന്നാണ്, മഹായിടവക സ്ത്രീജന സംഖ്യത്തിന്റെ നേതൃത്വത്തിൽ കാണക്കാരിയിലെ സെന്റ് മോണിക്ക സെന്ററിനോട് ചേർന്നു പ്രവർത്തിക്കുന്ന ആശാഭവൻ.

ഭിന്നശേഷിയുള്ള (Differently Abled) കുട്ടികളുടെ വിദ്യാഭ്യാസത്തിനും പുനരധിവാസത്തിനും വേണ്ടി 1999ആരംഭിച്ച ഈ സ്ഥാപനം 25 വർഷം പൂർത്തീകരിക്കുകയാണ്.

സിൽവർ ജൂബിലി വർഷത്തിൽ ആശാഭവൻ സ്പെഷ്യൽ സ്കൂൾ ആയി ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. (ഓട്ടിസം, സെറിബ്രൽ പാൾസി, ഇന്റലക്ച്വൽ മൾട്ടിപ്പിൾ ഡിസബിലിറ്റി, ലേണിംഗ് ഡിസബിലിറ്റി) ഉൾപ്പടെ, ഭിന്നശേഷിയുള്ള കുട്ടികളുടെ അക്കാദമിക മികവ് വർധിപ്പിക്കുന്നതോടൊപ്പം വിവിധ തരത്തിലുള്ള പരിശീലനം നൽകി സ്വയം തൊഴിൽ സംരംഭകരാക്കി മാറ്റുക എന്നതുമാണ് ലക്ഷ്യം വെക്കുന്നത്.

ഭിന്നശേഷി സൗഹൃദമായി നിർമ്മിച്ച കെട്ടിടസമുച്ചയത്തിൽ സ്പെഷ്യൽ വിദ്യാഭ്യാസത്തിനു സഹായകരമായ ആധുനിക രീതിയിലുള്ള സ്മാർട്ട് ക്ലാസ് റൂം, സെൻസറി റൂം ഫിസിയോ, സ്പീച്, ഒക്കുപ്പേഷണൽ തെറാപ്പികൾ നൽകുന്നതിനുള്ള സംവിധാനങ്ങളും ക്രമീകരിക്കുന്നുണ്ട്.

സ്പെഷ്യൽ എഡ്യൂക്കേഷനിൽ BEd എടുത്ത അദ്ധ്യാപകരും, തൊഴിൽ പരിശീലനത്തിൽ ഡിപ്ലോമ എടുത്ത ഇൻസ്ട്രക്ടർസും പരിശീലനം ലഭിച്ച തെറാപ്പിസ്റ്റുകളും അടങ്ങുന്ന ഒരു ടീം ആശാഭവന്റെ അക്കാദമിക്, തൊഴിൽ പഠനത്തിനും കലാകായിക പരിശീലനത്തിനും നേതൃത്വം നൽകുന്നു.

